# വെല്ലുവിളിക്കുന്ന ഒരു സന്ദേശം

സാക് പുന്നൻ

WFTW 29 നവംബർ 2015

അപ്പൊസ്തല പ്രവൃത്തികൾ 10ാം അധ്യായത്തിൽ, സുവിശേഷം ആദ്യമായി യഹൂദരല്ലാത്തവരിലേക്കു ചെല്ലുന്നതു നാം വായിക്കുന്നു. കർത്താവ് തൻറെ ശിഷ്യന്മാരോടു പറഞ്ഞിരുന്നത്, ''നിങ്ങൾ യെരുശലേമിലും യഹൂദ്യയിലും, ശമര്യയിലും പിന്നെ ഭൂമിയുടെ അറ്റത്തോളവും എൻറെ സാക്ഷികൾ ആകും' എന്നാണ്. രണ്ടാമത്തെ അധ്യാത്തിൽ അവർ യെരുശലേമിലും യഹൂദ്യയിലുമുള്ള യഹൂദന്മാരോടു പറഞ്ഞു തുടങ്ങി. പിന്നീട് 8ാം അധ്യായത്തിൽ അവർ ശമര്യരുടെ അടുത്തേക്കു പോയി. അതിനുശേഷം ഇപ്പോൾ അത് അദ്യമായി യഹൂദേതരരുടെ അടുത്തേക്കു നീങ്ങുന്നു. യഹൂദതന്മാർക്കും യഹുദേതരർക്കും വാതിൽ തുറന്നു കൊടുക്കുവാനുള്ള വിശേഷാധികാരം പത്രൊസിനാണ് നൽകപ്പെട്ടത്.

ബൈബിളിനെക്കുറിച്ചോ, ദൈവത്തെക്കുറിച്ചോ ഒന്നും അറിയാത്ത ഒരു മനുഷ്യനായിരുന്നു കൊർന്നേലിയോസ്. എന്നാൽ നിരന്തരം ദൈവത്തോടു പ്രാർത്ഥിക്കുകയും, ഉദാരമായി ദരിദ്രരെ സഹായിക്കുകയും ചെയ്തിരുന്ന ദൈവഭക്തനായ ഒരു പുരുഷൻ ആയിരുന്നു അദ്ദേഹം (അപ്പൊ. 10:2). ഒരു ദൂതൻ അദ്ദേഹത്തിനു പ്രത്യക്ഷനായിട്ട്, അദ്ദേഹത്തിൻറെ പ്രാർത്ഥനകളും ദാനധർമ്മങ്ങളും ദൈവത്താൽ കൈക്കൊള്ളപ്പെട്ടിരിക്കുന്നു എന്ന് അദ്ദേഹത്തോടു പറഞ്ഞു (അപ്പൊ. 10:4). ദൈവത്തെ ഭയപ്പെടുന്നവരും, പരമാർത്ഥികളും ആണെങ്കിൽ, ദൈവം അക്രൈസ്തവരുടെയും പ്രാത്ഥനകൾ കേൾക്കുകയും അവരെ പിതാവിലേക്കുള്ള ഏക മാർഗ്ഗമായ ക്രിസ്തുവിലേക്കു നയിക്കുകയും ചെയ്യുന്നു (യോഹ. 14:6) എന്നു ഇതിൽ നിന്നു വ്യക്തം. അനേകം ക്രിസ്ത്യാനികൾ, പത്രൊസിനെപ്പോലെ, തങ്ങൾ അക്രൈസ്തവരെക്കാൾ ഉന്നതരാണെന്നു സങ്കല്പിക്കുന്നു. എന്നാൽ കോർന്നേലിയസിനെപ്പോലുള്ള ചില അക്രൈസ്തവർ, അനേകം ക്രിസ്ത്യാനികളെക്കാൾ അധികം ദൈവഭയമുള്ളവരാണ്. താൻ യഹൂദേതരരേക്കാൾ നിർമ്മലനാണെന്നാണ് പത്രൊസും കരുതിയത്. എന്നാൽ ദൈവത്തിനു പത്രൊസിൻറെ അഭിപ്രായം മാറ്റേണ്ടതായും, അദ്ദേഹത്തിൻറെ ഹൃദയത്തെ വിശാലമാക്കേണ്ടതായും ഉണ്ടായിരുന്നു. അക്രൈസ്തവരെക്കുറിച്ചു നമുക്കുള്ള അഭിപ്രായവും മാറ്റേണ്ട ആവശ്യം ദൈവത്തിനുണ്ട്. പത്രൊസ് തൻറെ അഭിപ്രായത്തിൽ അത്രമാത്രം നിർബന്ധ ബുദ്ധിയുള്ള ആളായിരുന്നതിനാൽ അദ്ദേഹത്തിൻറെ അഭിപ്രായത്തെ മാറ്റുവാൻ ദൈവത്തിന് അദ്ദേഹത്തിന് ഒരു ദർശനം നൽകേണ്ടി വന്നു (അപ്പൊ.പ്ര. 10:11). ഈ ദർശനത്തിൽ പത്രൊസ് കണ്ടത് ശുദ്ധിയുള്ളതും ശുദ്ധിയില്ലാത്തതുമായ ജന്തുക്കൾ അടങ്ങിയിരിക്കുന്ന, നാലുകൊണും കെട്ടിയ വലിയ വിരിപോലുള്ള ഒരു പാത്രമാണ്. കൂടാതെ അവയെ കൊന്നു തിന്നുവാൻ ആവശ്യപ്പെടുന്ന ഒരു ശബ്ദവും അയാൾ കേട്ടു. അശുദ്ധമായതൊന്നും താൻ ഒരിക്കലും തിന്നിട്ടില്ല എന്നു പറഞ്ഞ് അദ്ദേഹം അങ്ങനെ ചെയ്യുന്നതു നിരസിച്ചു. കാരണം മോശെയുടെ ന്യായപ്രമാണം അനുസരിച്ചു ചില മൃഗങ്ങൾ അശുദ്ധമായിരുന്നു, അവയെ ഭക്ഷിക്കുന്നതിൽ നിന്നു യഹൂദന്മാർ വിലക്കപ്പെട്ടിരുന്നു (ലേവ്യ. 11). എന്നാൽ ദൈവം അദ്ദേഹത്തോട് ദൈവം ശുദ്ധീകരിച്ച യാതൊന്നിനെയും അശുദ്ധമെന്നു പറയരുത് എന്നു പറഞ്ഞു. ഈ ദർശനം മൂന്നു തവണ ആവർത്തിക്കപ്പെട്ടു. ഈ ദർശനത്തിൻറെ അർത്ഥം എന്തായിരിക്കും എന്നു പത്രൊസ് ചിന്തിച്ചു കുഴങ്ങുമ്പോൾ, കൊർന്നേലിയോസ് അയച്ച സന്ദേശവാഹകർ പത്രൊസിൻറെ വീട്ടിലെത്തി അദ്ദേഹത്തോട്, ഒരു ദൈവദൂതൻ കൊർന്നേലിയോസിനോട് പത്രൊസിനെ ആളയച്ചു വിളിപ്പിക്കുക എന്നു പറഞ്ഞിരിക്കുന്നു എന്ന സന്ദേശം അറിയിച്ചു. താൻ അശുദ്ധനെന്നു കരുതിയ യഹൂദേതരനായ ഈ മനുഷ്യൻറെ വീട്ടിലേക്കു പോകുവാനാണ് ദൈവം തന്നോടു പറഞ്ഞതെന്നു അപ്പോൾ പത്രൊസിനു മനസ്സിലായി.

കൊർന്നേലിയോസിൻറെ അടുത്തു വന്ന ദൂതന് യേശു ലോകത്തിൻറെ പാപങ്ങൾക്കു വേണ്ടി മരിച്ചു എന്നും മരണത്തിൽ നിന്നു വീണ്ടും ഉയിർത്തെഴുന്നേറ്റു എന്നുമുള്ള സുവിശേഷ സത്യം നിശ്ചയമായി അറിയാം. പിന്നെ എന്തുകൊണ്ടാണ് ആ ദൂതൻ തന്നെ ആ സുവിശേഷം പ്രസംഗിക്കുന്നതിനു പകരം പത്രൊസ് വന്ന് അതേ സന്ദേശം അയാളോട് പ്രസംഗിക്കുന്നതിന് അദ്ദേഹത്തെ ആളയച്ചു വിളിപ്പിക്കുവാൻ കോർന്നേലിയോസിനോട് ആവശ്യപ്പെട്ടത്? ആ ദൂതനില്ലാത്ത എന്തായിരുന്നു പത്രൊസിനുണ്ടായിരുന്നത്? പത്രൊസിനെക്കാൾ പതിന്മടങ്ങു നന്നായി ആ സുവിശേഷം വിവരിച്ചു കൊടുക്കുവാൻ ആ ദൂതനു കഴിയുമായിരുന്നു എന്ന് എനിക്ക് ഉറപ്പുണ്ട്. എന്നാൽ ആ ദൂതനില്ലാതിരുന്ന രക്ഷയുടെ അനുഭവം പത്രൊസിനുണ്ടായിരുന്നു. കൃപയാൽ രക്ഷിക്കപ്പെട്ട ഒരു പാപിക്കു മാത്രമേ മറ്റൊരു പാപിയോടു പാപത്തെക്കുറിച്ചു പറയാൻ കഴിയൂ. ആതാണ് അപ്പൊ. പ്രവൃത്തിയുടെ ആദ്യ വാക്യത്തിൽ നാം കാണുന്നത്. യേശു ആദ്യം ചെയ്യുകയും പിന്നെ അതു പഠിപ്പിക്കുകയും ചെയ്തു. നിങ്ങൾക്ക് ഒരു അനുഭവം ഇല്ലാത്ത കാര്യത്തെപ്പറ്റി നിങ്ങൾ സംസാരിക്കരുത്. ആ ദൂതൻ പോലും ആ ദൈവീക തത്വത്തെ ബഹുമാനിച്ചു. അതുകൊണ്ടു നിങ്ങൾക്ക് അറിയാവുന്ന കാര്യം ഒരിക്കലും പ്രസംഗിക്കരുത്. എന്നാൽ നിങ്ങൾ ചെയ്തു പരിചയിക്കുകയോ അല്ലെങ്കിൽ അതിനായിട്ട് ശ്രമിക്കുകയെങ്കിലും ചെയ്തിട്ടുള്ള കാര്യം മാത്രം പ്രസംഗിക്കുക.

പത്രൊസ് കൊർന്നേലിയോസിൻറെ വീട്ടിൽ വന്നപ്പോൾ അദ്ദേഹം പറഞ്ഞു, 'ഏതൊരു ജനതയിലും ദൈവത്തെ ഭയപ്പെട്ടു നീതി പ്രവർത്തിക്കുന്നവരെ അവിടുന്ന് അംഗീകരിക്കുന്നു എന്നുള്ളത് എത്ര സത്യമെന്ന് ഞാനിപ്പോൾ മനസ്സിലാക്കുന്നു' (അപ്പൊ.പ്ര. 10:35). (എല്ലാ ജനതകളിലും മാത്രമല്ല എല്ലാ വിഭാഗങ്ങളിലുമുള്ളവർക്കു കൂടെ). ഓരോ മതത്തിലും തന്നെ ഭയപ്പെടുന്ന എല്ലാവരെയും ദൈവം സ്വാഗതം ചെയ്യുകയും അവർ രക്ഷിക്കപ്പെടേണ്ടിതന് അവരെ ക്രിസ്തുവിലേക്കു നയിക്കുകയും ചെയ്യുന്നു. പത്രൊസ് കൊർന്നേലിയോസിൻറെ വീട്ടിലേക്കു പോകുന്നത് നിരസിച്ചിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നു? പത്രൊസ് അനുസരിച്ചില്ലായിരുന്നെങ്കിൽ കൊർന്നേലിയോസ് നഷ്ടപ്പെട്ടു പോകുമായിരുന്നോ? പത്രൊസിൻറെ അനുസരണക്കേടിൻറെ ഫലം കൊർന്നേലിയോസ് അനുഭവിക്കേണ്ടി വന്നാൽ ദൈവം വളരെ അനീതിയുള്ളവൻ എന്നു വരും. പത്രൊസ് പോയില്ലായിരുന്നെങ്കിൽ ദൈവം യാക്കോബിനെയോ യോഹന്നാനെയോ അയയ്ക്കുമായിരുന്നു. അനന്യായസ് തർസീസിലെ ശൗലിൻറെ അടുക്കൽ പോയില്ലായിരുന്നു എങ്കിൽ, ദൈവം മറ്റാരെയെങ്കിലും അവൻറെ അടുത്തേക്ക് അയയ്ക്കുമായിരുന്നു. ദൈവം നിങ്ങളോട് പോകുവാൻ ആവശ്യപ്പെടുന്നിടത്തു നിങ്ങൾ പോയില്ലെങ്കിൽ, ദൈവം നിങ്ങളുടെ ശുശ്രൂഷ മറ്റൊരാൾക്കു കൊടുക്കും.

അപ്പൊസ്തല പ്രവൃത്തികൾ 10:38ൽ പത്രൊസ് യേശുവിൻറെ ശുശ്രൂഷയെ വിവരിക്കുന്നത്, 'നസറായനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്കയും, ദൈവം തന്നോടു കൂടെയിരുന്നതിനാൽ അവിടുന്നു നന്മ ചെയ്തും പൈശാചിക ശക്തിക്ക് അധീനരായിരുന്നവരെ സൗഖ്യമാക്കിയും കൊണ്ട് സഞ്ചരിക്കുകയും ചെയ്തു' എന്നാണ്. യേശുവിൻറെ ജീവിതത്തിൽ പോലും ശക്തി ആയിരുന്നു പരിശുദ്ധാത്മാവിൻറെ അഭിഷേകത്തിൻറെ തെളിവ്. ആ ശക്തിയാൽ യേശു നന്മ ചെയ്യുകയും സാത്താൻറെ പീഡനങ്ങളിൽ നിന്നു ജനങ്ങളെ വിടുവിക്കുകയും ചെയ്തു. മറ്റുള്ളവർക്കു നന്മ ചെയ്യേണ്ടതിനും അവരെ പിശാചിൻറെ പീഡനങ്ങളിൽ നിന്നു വിടുവിക്കേണ്ടതിനുമായി ദൈവം നമ്മെയും ആത്മാവിനാൽ നിറയ്ക്കുന്നു. സാത്താനാൽ ഉപദ്രവിക്കപ്പെടുന്ന ആളുകളാൽ നാം ചുറ്റപ്പെട്ടിരിക്കുന്നു  നിരുത്സാഹപ്പെട്ടവർ, സന്തോഷമില്ലാതെ വിവാഹിതരായവർ, വിവാഹ പങ്കാളികളാൽ ക്ലേശിപ്പിക്കപ്പെടുന്നവർ, തങ്ങളുടെ മാതാപിതാക്കളാൽ ഉപേക്ഷിക്കപ്പെട്ടവർ, ആത്മഹത്യ ചെയ്യാൻ പോലും ചിന്തിച്ചിട്ടുള്ളവരും. ദൈവം നമ്മെ ഇങ്ങനെയുള്ള ആളുകളുടെ ഇടയിൽ ആക്കിയിരിക്കുന്നത്, അവർ പാപത്തിൽ നിന്നും സാത്താനിൽ നിന്നും സ്വാതന്ത്ര്യവും,

സന്തോഷമുള്ളവരും ആകേണ്ടതിന് അവരെ സഹായിക്കുവാനാണ്. യേശുവിനു പോലും ഈ ശുശ്രൂഷ നിവർത്തിക്കുവാൻ പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെടേണ്ട ആവശ്യം ഉണ്ടായിരുന്നെങ്കിൽ, നമുക്ക് എത്രയധികം! യേശു അഭിഷിക്തനായപ്പോൾ 'ദൈവം അവിടുത്തോടു കൂടെ ഉണ്ടായിരുന്നു' എന്നു നാം വായിക്കുന്നു. അങ്ങനെ തന്നെ നാമും പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെടുമ്പോൾ ദൈവം നമ്മോടുകൂടെ ഉണ്ടായിരിക്കും. നാം ദൈവവചനം പ്രഘോഷിക്കുവാൻ പ്രസംഗ പീഠത്തിൽ നിൽക്കുമ്പോൾ അല്ലെങ്കിൽ ആരിലെങ്കിലും നിന്ന് ഒരു ഭൂതത്തെ പുറത്താക്കുവാൻ പോകുമ്പോൾ, ആ ആളുകളെ അനുഗ്രഹിക്കുവാനായി ദൈവം നമ്മോടു കൂടെ ഉണ്ടായിരിക്കും.